# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3954** | **20-07-2015-ൽ മറുപടിക്ക്**

**പീപ്പിൾസ് ബസാറുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എ.റ്റി.ജോർജ്.<br>ശ്രീ. സി.പി.മുഹമ്മദ്.<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.പി.വിൻസെന്റ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2500 ച.അടിയിലധികം വിസ്തീർണ്ണമുള്ളതും മതിയായ വാഹന പാർക്കിംഗ് സൗകര്യമുള്ളതും പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ചുവരുന്നതുമായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറാക്കി ഉയർത്തുന്നതിന് തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത നവീകരണത്തിനു തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനം വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഉണ്ട്. ഇതിനോടകം 25 സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കി മാറ്റി നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിലുള്ള 25 പീപ്പിൾസ് ബസാറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. |
| (സി) | നിത്യോപയോഗ സാധനങ്ങൾ പീപ്പിൾസ് ബസാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോഎന്ന് വിശദമാക്കുമോ ? | | |

| ക്രമ നമ്പർ | മേഖല | സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | പഴവങ്ങാടി |
| 2 | | കിഴക്കേക്കോട്ട |
| 3 | | കൊല്ലം |
| 4 | | പുനലൂർ |
| 5 | കോട്ടയം | മുണ്ടക്കയം |
| 6 | | പത്തനംതിട്ട |
| 7 | | അടൂർ |
| 8 | | തൊടുപുഴ |
| 9 | | അടിമാലി |
| 10 | എറണാകുളം | കൂത്താട്ടുകുളം |
| 11 | | പനമ്പള്ളിനഗർ |
| 12 | | ആലപ്പുഴ |
| 13 | | കൊച്ചി, ചുള്ളിക്കൽ |
| 14 | | അങ്കമാലി |
| 15 | പാലക്കാട് | പാലക്കാട് |
| 16 | | തൃശ്ശൂർ |
| 17 | | പെരിന്തൽമണ്ണ |
| 18 | | ഒറ്റപ്പാലം |
| 19 | | കൊടുങ്ങല്ലൂർ |
| 20 | | അങ്ങാടിപ്പുറം |

| | | |
|---|---|---|
| 21 | കോഴിക്കോട് | കോഴിക്കോട് മാവൂർ റോഡ് |
| 22 | | കാസർഗോഡ് ഓൾഡ് ബസ്റ്റാൻഡ് |
| 23 | | കാസർഗോഡ് ന്യൂ ബസ്റ്റാൻഡ് |
| 24 | | സുൽത്താൻ ബത്തേരി |
| 25 | | നിലേശ്വരം |

ഇതിൽ പാലക്കാട്, പത്തനംതിട്ട, കൊടുങ്ങല്ലൂർ, അടൂർ, അടിമാലി, ചുള്ളിക്കൽ, അങ്കമാലി, കൂത്താട്ടുകുളം, അങ്ങാടിപ്പുറം, നീലേശ്വരം എന്നീ പീപ്പിൾസ് ബസാറുകൾ അടുത്തകാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളവയാണ്. കൂടാതെ കണ്ണൂർ ജില്ലയിലെ കണ്ണൂർ സൂപ്പർ മാർക്കറ്റും കൊല്ലം ജില്ലയിലെ കൊട്ടിയം സൂപ്പർ മാർക്കറ്റും പാരിപ്പിള്ളി സൂപ്പർ മാർക്കറ്റും പീപ്പിൾസ് ബസാറുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

വൻകിട സ്വകാര്യ കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്കും ലഭ്യമാക്കുകയാണ് പീപ്പിൾസ് ബസാറുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പച്ചക്കറികളും മറ്റ് ഉപഭോക്തൃ താൽപര്യ ഉൽപ്പന്നങ്ങളും, മിൽമ, കയർ ബോർഡ്, മീറ്റ് പോഡക്ട്സ് ഓഫ് ഇൻഡ്യ തുടങ്ങിയ സർക്കാർ കമ്പനികളുടേതടക്കമുള്ള ഒരു കുടുംബത്തിന് ആവശ്യമായ വിവിധ ബ്രാന്റുകളിലുള്ള എല്ലാ ഉൽപന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകവഴി ഉപഭോക്താക്കൾക്ക് മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ സാധിക്കുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളികൾ, എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ചു ബോധ്യപ്പെട്ടു തൃപ്തിയായി തിരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും പീപ്പിൾസ് ബസാറുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പച്ചക്കറിയും മറ്റ് പ്രാദേശിക ഉപഭോക്തൃ താൽപര്യ ഉൽപന്നങ്ങളും ഈ സപ്ലൈകോയുടെ വിൽപന കേന്ദ്രങ്ങളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്

Beena

സെക്ഷൻ ഓഫീസർ